ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 25.11.2025**

## പ്രധാനവാർത്തകൾ

1. അയോധ്യയിലെ ശ്രീരാമ ജന്മഭൂമി ക്ഷേത്രത്തിലെ ധ്വജാരോഹണ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു.

2. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൽ ജനവിധി തേടാൻ 72,005 സ്ഥാനാർത്ഥികൾ ; യു.ഡി.എഫ് പ്രകടന പത്രിക പുറത്തിറക്കി.

3. തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം 76 ലക്ഷം കവിഞ്ഞതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

4. എത്യോപ്യയിലെ അഗ്നിപർവ്വത സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ വ്യോമയാന മേഖലയിൽ സുരക്ഷാ മുൻകരുതൽ. നിരവധി വിമാന സർവീസുകൾ റദ്ദാക്കി.

5. സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കും. ഇന്ന് മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രത. മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പ് ഉയരുന്നു.

6. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഉന്മൂലനം ചെയ്യുന്നതിനുള്ള അന്താരാഷ്ട്ര ദിനം ഇന്ന്.

************************************

RNU TVPM

## പ്രധാനമന്ത്രി- അയോധ്യ

സത്യമേവ ജയതേ എന്ന ആദർശത്തിലൂന്നിയാണ് രാജ്യം മുന്നോട്ട് പോകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അയോധ്യ ശ്രീരാമ ജന്മഭൂമി ക്ഷേത്രത്തിലെ ധ്വജാരോഹണ ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ക്ഷേത്ര നിർമ്മാണ പ്രവർത്തനങ്ങളുടെ സമാപനം കുറിച്ച് കൊണ്ട് നടന്ന ചടങ്ങാണ് ഇത്. ലോകം മുഴുവൻ സമാധാനവും ശാന്തിയും പുലരാനുള്ള സന്ദേശമാണ് ധ്വജാരോഹണം നല്കുന്നതെന്ന് ചടങ്ങിൽ പങ്കെടുത്ത ആർ.എസ്.എസ്. മേധാവി മോഹൻ ഭാഗവത് പറഞ്ഞു. നേരത്തെ, ശേഷാവതാർ ക്ഷേത്രത്തിൽ ദർശനം നടത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി രാം ദർബാർ ഗർബ ഘട്ടിൽ പ്രത്യേക പൂജയിലും പങ്കെടുത്തു.

****************************************

PNU TVPM

## പ്രധാനമന്ത്രി-കുരുക്ഷേത്ര

ഹരിയാനയിലെ കുരുക്ഷേത്രയിൽ ഗുരു തേജ് ബഹാദൂറിൻറെ 350-ാമത് ഷഹീദി ദിവസ് അനുസ്മരണ പരിപാടിയിലും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം പങ്കെടുക്കും. ഗുരുവിന്റെ അനുസ്മരണാർത്ഥം പ്രത്യേക നാണയവും സ്മാരക സ്റ്റാമ്പും അദ്ദേഹം പുറത്തിറക്കും. വൈകുന്നേരം, തീർത്ഥാടന കേന്ദ്രമായ ബ്രഹ്മ സരോവറിൽ ശ്രീ നരേന്ദ്ര മോദി ദർശനം നടത്തും.

****************************************

## സ്ഥാനാർത്ഥികൾ

തദ്ദേശ തിരഞ്ഞെടുപ്പിൽ ജനവിധി തേടാൻ സംസ്ഥാനത്തെ 23,562 വാർഡുകളിലായി ഇത്തവണ 72,005 സ്ഥാനാർത്ഥികൾ. ഇതിൽ

37,786 സ്ത്രീകളും 34,218 പുരുഷൻമാരും ഒരു ട്രാൻസ്ജെൻഡറുമുണ്ട്. സ്ഥാനാർത്ഥികളുടെ അന്തിമ പട്ടിക റിട്ടേണിങ് ഓഫീസർമാർ പ്രസിദ്ധീകരിച്ചു. കണ്ണൂരിലെ മൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 14 എൽ.ഡി.എഫ് സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ 75,013 പേരാണ് മത്സരിച്ചത്.

***********************************

## തിരഞ്ഞെടുപ്പ് - പരിശീലനം

കൊല്ലം ജില്ലയിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ പോളിംഗ് ഡ്യൂട്ടിയുള്ളവർക്കുള്ള പരിശീലനം വിവിധ കേന്ദ്രങ്ങളിൽ ആരംഭിച്ചു. ഒന്നാംഘട്ട ക്രമീകരണത്തിൽ ഉത്തരവ് ലഭിച്ചിട്ടുള്ള എല്ലാജീവനക്കാരും ഡ്യൂട്ടി ഒഴിവാക്കുന്നതിനായി അപേക്ഷ നൽകിയിട്ടുള്ളവരും അതത് കേന്ദ്രങ്ങളിൽ ഈ മാസം 28 വരെ നടക്കുന്ന പരിശീലനത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ കലക്ടർ എൻ. ദേവിദാസ് നിർദേശം നൽകി.

RNU TVPM

***********************************

## തിരഞ്ഞെടുപ്പ് പ്രചാരണം-തിരു.(ഇൻട്രോ)

തിരുവനന്തപുരം ജില്ലയിൽ തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണം സജീവമായി തുടരുന്നു. സ്ഥാനാർത്ഥികളുടെ ചിത്രം വ്യക്തമായതോടെ എൽ ഡി എഫ്, യു ഡി എഫ്, എൻ ഡി എ മുന്നണികൾ തങ്ങളുടെ വോട്ട് ഉറപ്പിക്കാനുള്ള ശ്രമത്തിലാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കാട്........**

(വോയ്സ്)

***********************************

## യു ഡി എഫ് പ്രകടന പത്രിക

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള യു.ഡി.എഫിൻറെ പ്രകടന പത്രിക പുറത്തിറക്കി. എല്ലാ വാർഡുകൾക്കും ഉപാധിരഹിത വികസനഫണ്ട്, ആശാപ്രവർത്തകർക്ക് ഓണറേറിയത്തിന് പുറമെ അലവൻസ് തുടങ്ങിയവ പ്രകടനപത്രികയിൽ പരാമർശിക്കുന്നുണ്ട്. കൊച്ചിയിൽ യു ഡി എഫ് നേതാക്കളാണ് പ്രകടന പത്രിക പുറത്തിറക്കിയത്. അതേസമയം, എൽ ഡി എഫും പ്രകടനപത്രിക നേരത്തെ പുറത്തിറക്കിയിരുന്നു.

***********************************

## എസ്.ഐ.ആർ-സംസ്ഥാനം

സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം 76 ലക്ഷത്തി 37 ആയിരത്തി 216 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 27.42% ആണ്. അതെസമയം, എന്യൂമറേഷൻ ഫോമുകൾ സംബന്ധിച്ച് പൊതുജനങ്ങളെ സഹായിക്കുന്നതിന് ജില്ലകളിൽ ബൂത്ത് തല വോട്ടർ ഫെസിലിറ്റേഷൻ സെൻററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫോമുകൾ സമർപ്പിക്കാൻ ബി എൽ ഒ മാരുടേയും സന്നദ്ധ പ്രവർത്തകരുടേയും സേവനം ഈ ക്യാമ്പുകളിൽ ലഭ്യമാണ്. എന്യൂമറേഷൻ ഫോം പൂരിപ്പിക്കുന്നതിനും 2002 ലെ വോട്ടർപട്ടികയുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനും ക്യാമ്പുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

PRD TVPM

***********************************

## ബി.എൽ.ഒ. യെ നീക്കി

മലപ്പുറം ജില്ലയിൽ പൊതുജനങ്ങളോട് അപമര്യാദയായി പെരുമാറിയതിന് ബി.എൽ.ഒ.യെ നീക്കി. തവനൂർ മണ്ഡലം

38-ാം നമ്പർ ആനപ്പടി വെസ്റ്റ് എൽ.പി.സ്കൂൾ ബൂത്തിലെ ബി.എൽ.ഒയെ ചുമതലയിൽ നിന്ന് നീക്കിയതായി ജില്ലാ കളക്ടർ അറിയിച്ചു. വിഷയത്തിൽ ഉദ്യോഗസ്ഥനോടു വിശദീകരണം തേടുമെന്നും അദ്ദേഹം പറഞ്ഞു.

***********************************

## മൻ കീ ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' ഈ മാസം 30-ന് രാവിലെ 11ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും ഈ മാസം 28 വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ സമർപ്പിക്കാം.

***********************************

RNU TVPM

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

***********************************

## തൊഴിൽ നിയമം-കത്ത്

നാല് തൊഴിൽ നിയമങ്ങളെ അഭിനന്ദിച്ചുകൊണ്ട് അസോസിയേഷൻ ഓഫ് ഇൻഡസ്ട്രീസ് ആൻഡ് ഇൻസ്റ്റിറ്റിയൂഷൻസ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തെഴുതി. ഈ തീരുമാനം ഒരു നാഴികക്കല്ലാണെന്ന് സംഘടന പ്രസിഡന്റ് എസ് കെ ശർമ്മ വിശേഷിപ്പിച്ചു.

***********************************

## എയർ ഇന്ത്യ - വിമാന സർവീസുകൾ

എത്യോപ്യയിലെ അഗ്നിപർവ്വത സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ സുരക്ഷാ മുൻകരുതലിൻറെ ഭാഗമായി എയർ ഇന്ത്യ ഉൾപ്പെടെ നിരവധി ആഭ്യന്തര-അന്തർദേശീയ വിമാന സർവീസുകൾ റദ്ദാക്കി. വിമാന സർവ്വീസുകളിലെ മാറ്റങ്ങളെക്കുറിച്ച് യാത്രക്കാരെ കൃത്യമായി അറിയിക്കുുണ്ടെന്നും എല്ലാ സഹായവും ഉറപ്പാക്കുന്നതായും എയർ ഇന്ത്യ സമൂഹ മാധ്യമത്തിൽ അറിയിച്ചു.

************************************

## ശബരിമല തീർത്ഥാടനം

ശബരിമല തീർത്ഥാടന വിഷയങ്ങൾ സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ യോഗം ആരംഭിച്ചു. ദേവസ്വം ബോർഡ് പ്രസിഡൻറായി കെ.ജയകുമാർ ചുമതലയേറ്റ ശേഷമുള്ള രണ്ടാമത്തെ യോഗമാണിത്. ശബരിമലയിലെ തിരക്ക് നിയന്ത്രണം, സ്ലോട്ട് ബുക്കിംഗ് ക്രമീകരണം, തുടങ്ങിയവ യോഗം ചർച്ച ചെയ്യേക്കും. അതെസമയം, ശബരിമല ദർശനത്തിനുള്ള സ്ലോട്ട് ബുക്കിംഗ് ഇന്ന് 5000 ആയി നിജപെടുത്തിയിട്ടുണ്ട് . വെർച്ചൽ ക്യൂ ബുക്കിംഗ് വഴി എഴുപതിനായിരം ഭക്തർക്ക് ദർശനത്തിന് അവസരമുണ്ട്.

RNU TVPM

************************************

## കാലാവസ്ഥ

സംസ്ഥാനത്ത് അടുത്ത നാലു ദിവസം കൂടി ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട ജില്ലകളിൽ മഞ്ഞജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 28 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*************************************

## മുല്ലപ്പെരിയാർ

മുല്ലപ്പെരിയാർ അണക്കെട്ടിൻറെ വൃഷ്ടിപ്രദേശത്ത് മഴ ശക്തമായതോടെ ജലനിരപ്പ് ഉയരുന്നു. ഏറ്റവും ഒടുവിൽ ലഭിച്ച കണക്കുകൾ പ്രകാരം 139.80 അടിയാണ് ജലനിരപ്പ്. സെക്കൻ്റിൽ 3,740 ഘന അടിവെള്ളം ഡാമിലേക്ക് ഒഴുകി എത്തുന്നുണ്ട്. 138 അടി പിന്നിട്ടതോടെ തമിഴ്നാട് രണ്ടാം ജാഗ്രത നിർദ്ദേശം നൽകി.

*************************************

## സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ( ഇൻട്രോ)

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഉന്മൂലനം ചെയ്യുന്നതിനുള്ള അന്താരാഷ്ട്ര ദിനം ഇന്ന്. ആഗോള തലത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ആവശ്യമായ നയരൂപീകരണമാണ് ദിനാചരണ ലക്ഷ്യം. **വിശദാംശങ്ങളിലേയ്ക്ക് .........**

(വോയ്സ്)

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുക എന്ന ലക്ഷ്യവുമായി 2008 ലാണ് ഐക്യരാഷ്ട്ര സഭ ഈ ദിനാചരണത്തിന് തുടക്കം കുറിച്ചത്. വിപുലമായ നിയമ സംവിധാനങ്ങൾ ഉണ്ടെങ്കിലും ഇത്തരം അതിക്രമങ്ങൾ വർധിക്കുന്നത് വെല്ലുവിളിയാണ്. സ്ത്രീകൾക്ക് അതിവേഗ സഹായം ഉറപ്പാക്കുന്നതിന് ദേശീയ വനിതാ കമ്മീഷൻ ആരംഭിച്ച പുതിയ ഹെൽപ്പ്ലൈൻ നമ്പർ സ്ത്രീ സുരക്ഷയ്ക്ക് കൂടുതൽ കരുത്തേകും. 1 4 4 9 0 എന്ന ടോൾ ഫ്രീ നമ്പർ ഇനി മുതൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തനസജ്ജമായിരിക്കും. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്ന അന്താരാഷ്ട്ര ദിനാചരണത്തിന്റെ ഭാഗമായി രാജ്യമെമ്പാടും വിപുലമായ പരിപാടികൾ

RNU TVPM

സംഘടിപ്പിച്ചിട്ടുണ്ട്. വനിത ശിശു വികസന വകുപ്പും സഖി വൺ സ്റ്റോപ്പ് സെന്ററും കൊച്ചിയിൽ സംഘടിപ്പിച്ച സൈക്കിൾ റാലി ടി.ജെ വിനോദ് എംഎൽഎ ഉദ്ഘാടനം ചെയ്തു. **ന്യൂസ് ഡെസ്ക് ആകാശവാണി**

***********************************

## സർദാർ വല്ലഭായി പട്ടേൽ- ജന്മ ദിനം

സർദാർ വല്ലഭായി പട്ടേലിന്റെ 150-ാമത് ജന്മവാർഷിക ആഘോഷങ്ങളുടെ ഭാഗമായി മേരാ യുവ ഭാരതിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നെടുമങ്ങാട് ഏകതാ പദയാത്ര സംഘടിപ്പിച്ചു. നെടുമങ്ങാട് കോയിക്കൽ കൊട്ടാര പരിസരത്ത് പദയാത്രയുടെ ഫ്ലാഗ് ഓഫ് ASP അച്ചുത് അശോക് നിർവഹിച്ചു. വിവിധ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളും എൻഎസ്എസ് വോളണ്ടിയർമാരും പങ്കെടുത്തു. പദയാത്രയുടെ സമാപന യോഗം പ്രസ് ഇൻഫർമേഷൻ ബ്യൂറോ അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി ഉദ്ഘാടനം ചെയ്തു.

RNU TVPM

***********************************

## ഭരണഘടനാ ദിന ക്വിസ് മത്സരം

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ഹൈസ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ആകാശവാണി തിരുവനന്തപുരം നിലയം സംഘടിപ്പിക്കുന്ന ഭരണഘടന ക്വിസ് മത്സരം നാളെ രാവിലെ നടക്കും. തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസിന്റെ സഹകരണത്തോടെയാണ് പരിപാടി.

***********************************

## ഓഹരി , സ്വർണം

ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 119 പോയിൻറ് താഴ്ന്ന് 84,781 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 23 പോയിൻറ് ഇടിഞ്ഞ് 25,935 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില പവന് 1,400 രൂപ വർധിച്ച് 93,160 ലെത്തി. ഗ്രാമിന് 11,645 രൂപയാണ് ഇന്നത്തെവില.

***************************************************************************************************************

RNU TVPM